പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5250

23-05-2017 ൽ മറുപടിക്ക്

## ജൈവവൈപ്പിൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ.വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) ജൈവവൈപ്പിൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെട്ടത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. |

| നം. | പദ്ധതിയുടെ പേര് |
|---|---|
| 1 | എറണാകുളം ജില്ലയിലെ കുഴിപ്പിള്ളി, പള്ളിപ്പുറം പഞ്ചായത്തുകളിലെ പുത്തൻ പാടത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 2 | എറണാകുളം ജില്ലയിലെ എടവനക്കാട് പഞ്ചായത്തിലെ വടക്കുംഭാഗം പാടശേഖരം, കൊച്ചടപ്പ് പാടശേഖരം- അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 3 | എറണാകുളം ജില്ലയിലെ വലിയകടമക്കുടി, കടമക്കുടി ബണ്ട്, കോലടി എന്നീ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 4 | എറണാകുളം ജില്ലയിലെ കുഴിപ്പിള്ളി പഞ്ചായത്തിലെ അരങ്ങിൽ അയ്യമ്പിള്ളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 5 | കടമക്കുടി പഞ്ചായത്തിലെ ചെറിയ കടമക്കുടി , പുളികേപ്പുറം, മുറിക്കേക്കര പൊക്കാളി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 6 | നായരമ്പലം പഞ്ചായത്തിലെ വെസ്റ്റ് നെടുങ്ങാട് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 7 | നായരമ്പലം പഞ്ചായത്തിലെ സെൻട്രൽ നെടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |

| | | |
|---|---|---|
| | | 8 നായരമ്പലം പഞ്ചായത്തിലെ ഈസ്റ്റ് നെടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| | | 9 നായരമ്പലം പഞ്ചായത്തിലെ പക്കരച്ചാൽ പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| | | 10 ജൈവ വൈപ്പിൻ മേഖലയിലെ കനാലുകളുടെ പുനരുദ്ധാരണം |
| ബി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം പൂർത്തീകരിച്ചവ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ പ്രവൃത്തികളൊന്നും പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നിർമ്മാണ പ്രവൃത്തികളിൽ എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തികൾ ഒഴികെ ശേഷിച്ച എല്ലാ പ്രവൃത്തികളും അവസാന ഘട്ടത്തിലാണ്. |
| സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഏതെങ്കിലും പ്രവൃത്തികൾ തടസ്സപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികളിൽ വീരംപുഴയിലെ എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തികളും വലിയകടമക്കുടി പാടശേഖരങ്ങളുടെ വീരംപുഴയോട് ചേർന്നുള്ള ഭാഗങ്ങൾ ഉൾപ്പെട്ട നിർമ്മാണ പ്രവൃത്തികളും തടസ്സപ്പെട്ടിട്ടുണ്ട്. |
| ഡി) എങ്കിൽ എന്തുകൊണ്ടാണ് തടസ്സപ്പെട്ടതെന്ന് വ്യക്തമാക്കാമോ; | (ഡി) | കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാലാണ് പ്രവൃത്തികൾ തടസ്സപ്പെട്ടിട്ടുള്ളത്. |
| ഇ) പ്രസ്തുത പ്രവൃത്തികൾ നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സ്റ്റേ ഉത്തരവ് നിലവിലുണ്ടോ; വിശദമാക്കാമോ; | (ഇ) | എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തികൾ നിർത്തിവെയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നുണ്ട്. |
| എഫ്) പ്രസ്തുത ഉത്തരവ് ജൈവ വൈപ്പിൻ പദ്ധതിക്ക് ആകമാനം ബാധകമായതാണോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക പ്രവൃത്തിക്ക് മാത്രം ബാധകമായതാണോ എന്ന് വ്യക്തമാക്കാമോ? | (എഫ്) | ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികളിൽ വീരംപുഴയിലെ എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തികളാണ് സ്റ്റേ ചെയ്തിരിക്കുന്നത്. വലിയകടമക്കുടി പാടശേഖരങ്ങളുടെ വീരംപുഴയോട് ചേർന്നുള്ള ചില ഭാഗങ്ങൾ ഉൾപ്പെട്ട നിർമ്മാണ പ്രവൃത്തികളും തടസ്സപ്പെട്ടിട്ടുണ്ട്. |

Sabhali.

സെക്ഷൻ ഓഫീസർ